**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 19** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം - ഒരു ആശയം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം - ഒരു ആശയം എന്ന പദ്ധതിയുടെ വിഭാവന ലക്ഷ്യങ്ങളും വിശദാംശവും അറിയിക്കാമോ; | (എ) | സംസ്ഥാന സർക്കാർ, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെ-ഡിസ്ക്) നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് 'ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം' (OLOI) എന്നത്. ഓരോ തദ്ദേശ സ്ഥാപനത്തിലും വിപുലമായ ജനപങ്കാളിത്തത്തോടെ ഒരു നൂതനാശയം കണ്ടെത്തി ഫലപ്രദമായി നടപ്പാക്കുവാനുള്ള ശ്രമമാണ് ഈ പദ്ധതിയിലൂടെ നടത്തുന്നത്. തദ്ദേശ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന വികസനപ്രശ്നങ്ങൾ ജനകീയ പങ്കാളിത്തത്തോടെ തദ്ദേശീയ ഭരണ സംവിധാനത്തിൽ തന്നെ സമാഹരിച്ച്, വിദഗ്ധരുടെയും പ്രയോക്താക്കളുടെയും കൂട്ടായ്മയുടെ സഹായത്തോടെ നൂതന പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി, അവയുടെ പ്രായോഗികത ഉറപ്പുവരുത്തി, പ്രശ്നപരിഹാരത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. അതോടൊപ്പം പ്രാദേശിക നൂതനാശയ രൂപകർത്താക്കൾക്ക്, അവരുടെ നൂതനാശയങ്ങൾ പ്രയോഗതലത്തിൽ കൊണ്ടുവരുവാനുള്ള സഹായവും കെ-ഡിസ്ക് മുഖേന ലഭ്യമാക്കാനും ലക്ഷ്യമിടുന്നുണ്ട്. |
| (ബി) | ഈ പദ്ധതിയിലൂടെ ആശയങ്ങൾ സമാഹരിച്ചിട്ടുണ്ടോ; എങ്കിൽ ലഭിച്ചവയിൽ നിന്ന് ഏറ്റവും മികച്ചത് കണ്ടെത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമെന്നും അതിനായി വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും പ്രസ്തുത സമിതിയുടെ ഘടനയും അംഗങ്ങളെ സംബന്ധിച്ച വിശദാംശവും അറിയിക്കുമോ; | (ബി) | "ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരാശയം" (OLOI) എന്ന പദ്ധതിയുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ, വികസന പ്രശ്നസമാഹരണത്തിനും ആശയ രൂപീകരണത്തിനും ഒരു ഓൺലൈൻ സംവിധാനത്തിന് (പോർട്ടൽ) കെ-ഡിസ്ക് രൂപം നൽകിയിട്ടുണ്ട്. ഒന്നാംഘട്ടം എന്ന രീതിയിൽ |

| | | | |
|---|---|---|---|
| | | | ഏതാനും തദ്ദേശ സ്ഥാപനങ്ങളെ തങ്ങളുടെ നൂതനാശയ വാർഷിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സഹായിച്ചുകൊണ്ട് OLOI പദ്ധതി പ്രശ്ന സമാഹരണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ആശയദാതാക്കളിൽ നിന്നും നൂതനാശയങ്ങൾ സമാഹരിക്കുന്ന പ്രക്രിയ ആരംഭിക്കാൻ ഇരിക്കുന്നതേയുള്ളൂ. പോർട്ടലിൽ ലഭിക്കുന്ന ആശയങ്ങൾ പരിശോധിക്കുവാനും സംപുഷ്ടീകരിക്കാനും പ്രായോഗ സാധ്യത കണ്ടെത്താനും വേണ്ടി, അക്കാദമിക വിദഗ്ധരും പ്രയോക്താക്കളും അടങ്ങിയ കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ് (CoP) എന്നറിയപ്പെടുന്ന കൂട്ടായ്മ പ്രവൃത്തി (27 വിഷയമേഖലകളിൽ 1500ൽ പരം പ്രാക്ടീഷണർമാരും വിദഗ്ധരും അടങ്ങുന്ന കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്) കെ-ഡിസ്ക് രൂപീകരിച്ചിട്ടുണ്ട്. OLOI പദ്ധതിക്ക് ദിശാബോധം നൽകുന്നതിനായി രാജ്യത്തേയും സംസ്ഥാനത്തേയും വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു നാഷണൽ കൺസൾട്ടേറ്റീവ് ഗ്രൂപ്പിനെയും (NCG), ബോട്ടം അപ് കൺസൾട്ടേറ്റീവ് ഗ്രൂപ്പിനേയും (BCG) രൂപീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് പരീക്ഷിച്ചിട്ടില്ലാത്ത തരത്തിലുള്ള നൂതനാശയങ്ങൾ വരുമ്പോൾ അവയെ നിലവിലുള്ള സമ്പ്രദായങ്ങളും വ്യവസ്ഥിതിയുമായി എങ്ങനെ കൂട്ടിയിണക്കി പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | OLOI പദ്ധതിയിലൂടെ വരുന്ന നൂതനാശയങ്ങൾ നിലവിലുള്ള സമ്പ്രദായങ്ങളും വ്യവസ്ഥിതിയുമായി ഒത്തുചേർന്നുപോകുംവിധം സാങ്കേതിക ക്ഷമതയും (Technology Readiness Level), സാമൂഹ്യ സന്നദ്ധതയും (Community Readiness Level), ഉപയോഗക്ഷമതയും പരിശോധിച്ച് ഉറപ്പുവരുത്തി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. നൂതന ആശയങ്ങൾ കെഡിസ്ക് രൂപീകരിച്ചിട്ടുള്ള റിസ്ക് മാനേജ്മെന്റ് കമ്മിറ്റി പരിശോധിച്ച്, വരാവുന്ന റിസ്കുകൾ വിലയിരുത്തി, റിസ്ക് മിറ്റിഗേഷനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയും, നൂതനാശയങ്ങളെ പൈലറ്റ് ചെയ്യുകയും, ആശയങ്ങളുടെ തെളിവ് (proof of concept) ഉറപ്പുവരുത്തുകയും ചെയ്യും. ഈ പ്രക്രിയയിൽ നിലവിലുള്ള ജനകീയ സമിതികളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതാണ്. |
| (ഡി) | ഈ പദ്ധതിയിലൂടെ സംസ്ഥാനത്തിന്റെ നാനാതുറകളിലും നിന്നും ലഭിക്കുന്ന ആശയങ്ങൾ പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിന് ഇന്നവേഷൻ എക്സ്പോകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ഡി) | **OLOI** പദ്ധതിയിലൂടെ രൂപപ്പെടുന്ന നൂതനാശയങ്ങളും, തദ്ദേശ നൂതനാശയ ദാതാക്കളിൽ നിന്നും സമാഹരിക്കുന്ന ആശയങ്ങളും പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിന് വേണ്ടി ഇന്നവേഷൻ എക്സ്പോകൾ ഉൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ട് പോകാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ